2. ശ്രീ. കുരുവിള എന്ന തൊഴിലാളിയുടെ ജോലി സമയമാറ്റത്തെ സംബന്ധിച്ച് ജി. ഒ. ആർ. റ്റി. നമ്പർ 851/81 തൊഴിൽ പ്രകാരം 30-5-1985-ൽ അഡ്ജൂഡിക്കേഷനു വിട്ടുകൊണ്ട് ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

3. ശ്രീ. കെ. ജെ. ജോസഫ് എന്ന തൊഴിലാളിയുടെ പിരിച്ചു വിടൽ സംബന്ധിച്ച് കേസ് അഡ്ജൂഡിക്കേഷന് അയച്ചുകൊണ്ട് 22-9-1984-ൽ ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ട്.

4. 10-10-1984 മുതൽ 3-4-1985 വരെയുള്ള കാലയളവിലെ ലേ ഓഫ് സംബന്ധിച്ച കേസ് അഡ്ജൂഡിക്കേഷന് അയച്ചുകൊണ്ട് 27-6-1985-ൽ ഗവൺമെന്റ് ഉത്തരവിട്ടിട്ടുണ്ട്.

(ഇ) ഈ കേസ്സുകളും ഇപ്പോൾ ലേബർ കോടതികളും മുമ്പാകെ നടപടിയിൽ ഇരിക്കുകയാണ്.

കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിലെ തൊഴിൽ തർക്കം

1281. [1747] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി പഞ്ചായത്തിൽ നാലുകെട്ട് എന്ന സ്ഥലത്ത് കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് ന്യൂപ്ലാന്റ് കമ്പനിയിലേക്ക് വേണ്ട സാധനസാമഗ്രികളും കയറ്റിറക്കു ജോലി ചെയ്യുന്ന തൊഴിലാളികളും മാനേജുമെന്റും തമ്മിൽ എന്തെങ്കിലും തൊഴിൽ തർക്കം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, നാലുകെട്ട്, ന്യൂപ്ലാന്റ് കമ്പനിയിലേക്ക് വേണ്ടത്ര സാധന സാമഗ്രികളും കയറ്റിറക്ക് ജോലിചെയ്യുന്ന തൊഴിലാളികളും മാനേജുമെന്റും തമ്മിൽ തൊഴിൽതർക്കം ഉണ്ടായിരുന്നു.

(ബി) ഈ പ്രശ്നം ഒത്തുതീർപ്പാക്കുന്നതിലേക്ക് തൃശ്ശൂർജില്ലാ ലേബർ ഓഫീസർ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, ന്യൂപ്ലാന്റ് കമ്പനി, നാലുകെട്ട് എന്ന സ്ഥാപനത്തിലെ കയറ്റിറക്ക് തൊഴിലാളികളും മാനേജ്മെന്റും തമ്മിലുള്ള വേതന നിരക്കിനെ സംബന്ധിച്ചുള്ള തൊഴിൽ തർക്കം ഒത്തു തീർപ്പാക്കുന്നതിലേക്ക് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ അനുരഞ്ജന കോൺഫറൻസുകളും വിളിച്ചുകൂട്ടി ചർച്ച നടത്തിയെങ്കിലും പ്രശ്നം ഒത്തു തീർപ്പായില്ല. എന്നാൽ നേരിട്ടുള്ള അനുരഞ്ജന ചർച്ച മൂലം ഒരു ധാരണ ഉണ്ടായിട്ടുള്ളതായി അറിയുന്നു. ഈ ധാരണ മൂലം കയറ്റിറക്ക് ജോലി നടന്നു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly